# അമ്മയുടെ സ്നേഹം പോലെ അമ്മത്തൊട്ടിലിൽ 17 വർഷത്തിന്റെ താരാട്ട്






## കേരള സംസ്ഥാന ശിശുക്ഷേമ സമിതി

### നവീകരിച്ച അമ്മത്തൊട്ടിൽ ഉദ്ഘാടനം

തൈക്കാട്, തിരുവനന്തപുരം
2019 ഫെബ്രുവരി 1 വെള്ളിയാഴ്ച
പകൽ 3 മണി

ഉദ്ഘാടനം
**ശ്രീ. പിണറായി വിജയൻ**
ബഹു : കേരള മുഖ്യമന്ത്രി

അദ്ധ്യക്ഷ
**ശ്രീമതി കെ.കെ. ശൈലജ ടീച്ചർ**
ബഹു: ആരോഗ്യ-സാമൂഹ്യനീതി, വനിത-ശിശുവികസന വകുപ്പ് മന്ത്രി










# കേരള സംസ്ഥാന ശിശുക്ഷേമ സമിതി



സുഹൃത്തെ,

കേരളത്തിലെ കുട്ടികളുടെ ക്ഷേമ താൽപര്യങ്ങൾക്കും സർവ്വതോന്മുഖമായ വളർച്ചയ്ക്കും വേണ്ടി ദിശാബോധത്തോടെ പ്രയത്നിക്കുന്ന സ്ഥാപനമാണ് കേരള സംസ്ഥാന ശിശുക്ഷേമ സമിതി. സംസ്ഥാനത്തെ ഒരു ശിശുസൗഹൃദ കേന്ദ്രമാക്കി മാറ്റുക എന്ന സർക്കാ രിന്റെ പ്രഖ്യാപിത നയം സാക്ഷാത്കരിക്കുക എന്നതു കൂടിയാണ് സമിതിയുടെ ലക്ഷ്യം.

നിഷ്കളങ്കമായ ഒരു പിഞ്ചു ജന്മത്തെ ഉപേക്ഷിക്കപ്പെടുമ്പോൾ അതിനെ രണ്ടും കൈയും നീട്ടി സ്വീകരിച്ച് സമൂഹത്തിന് വെളിച്ചം പകരേണ്ട ബുദ്ധിയും മനസ്സും അവർക്ക് നൽകുക എന്ന സാമൂഹ്യ ഉദ്യമത്തിന്റെ നന്മനിറഞ്ഞ പര്യവസാനമാണ് സമിതിയുടെ കീഴിൽ പ്രവർത്തിക്കുന്ന ദത്തെടുക്കൽ കേന്ദ്രങ്ങൾ. ദത്തെടുക്കൽ കേന്ദ്രങ്ങളുടെ അടിസ്ഥാന പ്രവർത്തനങ്ങളിൽ നിന്നും ഒരു തലം കൂടി ഉയർന്ന ഒരു സംരംഭമാണ് ശിശുക്ഷേമ സമിതി തിരുവനന്തപുരം, തൈക്കാട് 2002 നവംബർ 14–ന് സ്ഥാപിച്ച അമ്മത്തൊട്ടിൽ.

നേര് ചികയാത്ത ഒരമ്മയുടെ ഉദരത്തിൽ നൈമിഷിക വികാരത്തിന്റെ ശമനത്തിനായി ജീവന്റെ കണിക പകർന്നു നൽകി ഇരുട്ടിൽ ഒളിച്ചിരിക്കുന്ന അച്ഛൻ. ഇപ്രകാരം കളങ്കപ്പെട്ടവരാൽ ഉപേക്ഷിക്കപ്പെടുന്ന പിഞ്ചു കുഞ്ഞുങ്ങൾക്കായുള്ള ഒരു ഇലക്ട്രോണിക് തൊട്ടിൽ മാത്രമല്ല ഇത്. അമ്മയ്ക്കു തുല്യമായ ഊഷ്മളമായ പരിചരണമാണ് അമ്മത്തൊട്ടിലിലെ കുഞ്ഞിന്റെ പിന്നീടുള്ള ജീവിതത്തിന് നൽകപ്പെടുന്നത്. പിറക്കും മുമ്പേ നശിപ്പിക്കാൻ പലവട്ടം ശ്രമിച്ചിട്ടും അതിജീവനത്തിന്റെ കരുത്തോടെ പിറന്ന ആ കുഞ്ഞുങ്ങൾ സമിതിയുടെ തൊട്ടിലിൽ ആടിക്കളിക്കുന്നു. ആദ്യമായി തിരവനന്തപുരത്ത് സ്ഥാപിച്ച അമ്മത്തൊട്ടിലിൽ നിത്യ എന്ന പേരിൽ ഒരു പെൺകുഞ്ഞാണ് പിറന്നത്. പിന്നീട് സംസ്ഥാനത്തുടനീളമുള്ള അമ്മത്തൊട്ടിലുകൾ വഴി നാളിതുവരെ 262 കുട്ടികൾ കൂടി എത്തി. ഏതോ അശനിപാതത്തിൽ കൊഴിഞ്ഞുവീണ കുഞ്ഞു പൂക്കൾപോലെ അവർ വാടിയില്ല. ജീവിതത്തിൽ പിന്നേയും തളിർത്ത് സുഗന്ധം പരത്തുന്നു. ജന്മം കൊണ്ടല്ലെങ്കിൽ കൂടി അച്ഛനും അമ്മയുമായവരുടെ സ്നേഹലാളനങ്ങൾ അനുഭവിക്കുന്നു.

ഒന്നാമത് നിത്യ, അൻപതാമത് നവമി, നൂറാമത് ശതശ്രീ, നൂറ്റിയമ്പതാമത് മൈഥിലി, ഇരുന്നൂറ് ആരക്ത, ഇരുന്നൂറ്റമ്പത് ചന്ദ്രയാൻ, കഴിഞ്ഞ ഡിസംബർ 27–ന് തിരുവനന്തപുരം അമ്മത്തൊട്ടിലിൽ അവസാനം ലഭിച്ച ഇരട്ടകൾ ഗുരുദേവനും പദ്മനാഭനും ഇങ്ങനെ നീളുന്നു അതിഥികളുടെ പട്ടിക. കമല, നെഹ്റു, വിചങ്ക്, വിഹായസ്, സാക്ഷി, ബാലഭാസ്കർ ഇങ്ങനെ ഇവരുടെ പേരുകളിലും വ്യത്യസ്തത. അങ്ങനെ എവിടെയോ പിറന്ന പൈതലുകളെ അമ്മത്തൊട്ടിൽ എന്ന പേറ്റുനോവറിയാത്ത അമ്മ ഇരുകരവും നീട്ടി സ്വീകരിച്ച് മാതൃഹൃദയത്താൽ പരിലാളിക്കുന്നു.

അമ്മത്തൊട്ടിലുകൾ സ്ഥാപിച്ച് 17 വർഷം പിന്നിടുമ്പോൾ സംസ്ഥാനത്ത് ഏറ്റവും പുതിയ സാങ്കേതിക വിദ്യയോടെ നവീകരിക്കുവാൻ തീരുമാനിച്ചിരിക്കുകയാണ്. കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് (KSIE) ആണ് പുതിയ സാങ്കേതിക വിദ്യയോടെ സംസ്ഥാനത്ത് അമ്മത്തൊട്ടിലുകൾ പുനർനിർമ്മിക്കുന്നത്.

ഇപ്രകാരം പുനർനിർമ്മിക്കുന്ന അമ്മത്തൊട്ടിലിന്റെ സംസ്ഥാനതല ഉദ്ഘാടനം സമിതിയുടെ പ്രസിഡന്റു കൂടിയായ ബഹു: മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ 2019 ഫെബ്രുവരി 1– ാം തീയതി വെള്ളിയാഴ്ച പകൽ 3 മണിക്ക് തൈക്കാട് സമിതി ആസ്ഥാനത്ത് നിർവ്വഹിക്കുന്നു. ബഹു: ആരോഗ്യ–സാമൂഹ്യനീതി, വനിത–ശിശുവികസന വകുപ്പ് മന്ത്രി ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ അദ്ധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ വി.എസ്. ശിവകുമാർ എം.എൽ.എ. തുടങ്ങി വിശിഷ്ട വ്യക്തിത്വങ്ങളും പങ്കെ ടുക്കുന്നു. ഈ ചടങ്ങിലേക്ക് താങ്കളെ സവിനയം ക്ഷണിച്ചു കൊള്ളുന്നു.

സ്നേഹാദരവോടെ

തിരുവനന്തപുരം
28.01.2019

അഡ്വ. ദീപക്.എസ്.പി
ജനറൽ സെക്രട്ടറി



## കാര്യപരിപാടി

2019 ഫെബ്രുവരി 1 വെള്ളിയാഴ്ച
പകൽ 3 മണി
തൈക്കാട്, തിരുവനന്തപുരം

**സ്വാഗതം :** **അഡ്വ. ദീപക്. എസ്. പി**
ജനറൽ സെക്രട്ടറി, സംസ്ഥാന ശിശുക്ഷേമ സമിതി

**അദ്ധ്യക്ഷ :** **ശ്രീമതി കെ.കെ. ശൈലജ ടീച്ചർ**
ബഹു: ആരോഗ്യ–സാമൂഹ്യനീതി
വനിത–ശിശുവികസന വകുപ്പ് മന്ത്രി

**ഉദ്ഘാടനം :** **ശ്രീ. പിണറായി വിജയൻ**
ബഹു : കേരള മുഖ്യമന്ത്രി

**ആശംസ :** **ശ്രീ. വി.എസ്. ശിവകുമാർ എം.എൽ.എ.**

**ശ്രീ. ബിജു പ്രഭാകർ ഐ.എ.എസ്**
സ്പെഷ്യൽ സെക്രട്ടറി
സാമൂഹ്യനീതി, വനിത–ശിശുവികസന വകുപ്പ്

**ശ്രീമതി. ഷീബ ജോർജ്ജ് ഐ.എ.എസ്**
ഡയറക്ടർ , വനിത ശിശുവികസന വകുപ്പ്

**ശ്രീ. അഴീക്കോടൻ ചന്ദ്രൻ**
വൈസ് പ്രസിഡന്റ് സംസ്ഥാന ശിശുക്ഷേമ സമിതി

**ശ്രീമതി. പി. എസ്. ഭാരതി**
ജോയിന്റ് സെക്രട്ടറി, സംസ്ഥാന ശിശുക്ഷേമ സമിതി

**ശ്രീ. എം. കെ. പശുപതി**
എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം, സംസ്ഥാന ശിശുക്ഷേമ സമിതി

**ശ്രീ. ഒ. എം ബാലകൃഷ്ണൻ**
എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം, സംസ്ഥാന ശിശുക്ഷേമ സമിതി

**ശ്രീ. ആർ. രാജു**
എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം, സംസ്ഥാന ശിശുക്ഷേമ സമിതി

**ഡോ. ഫെബി വർഗ്ഗീസ്**
മാനേജിംഗ് ഡയറക്ടർ, കെ.എസ്.ഐ.ഇ

**ശ്രീമതി വിദ്യാമോഹൻ**
കൗൺസിലർ, തിരുവനന്തപുരം നഗരസഭ

**നന്ദി :** **ശ്രീ. ജി. രാധാകൃഷ്ണൻ**
ട്രഷറർ, സംസ്ഥാന ശിശുക്ഷേമ സമിതി